**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3896** **27-10-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന ഹെൽത്ത് സെന്ററുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ആർദ്രം ഒന്നാം ഘട്ടത്തിൽ പരണിയം പ്രാഥമികാരോഗ്യ കേന്ദ്രത്തേയും രണ്ടാം ഘട്ടത്തിൽ കുളത്തൂർ, പൊഴിയൂർ, ചെങ്കൽ, കാരോട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും മൂന്നാം ഘട്ടത്തിൽ പെരുമ്പഴുതൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തേയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ആർദ്രം ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്ത മേൽപറഞ്ഞ സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത നഗരസഭയിലെ പെരുമ്പഴുതൂർ ഹെൽത്ത് സെന്ററിനെ (ഓലത്താന്നി) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി പി.എച്ച്.സി പെരുംപഴുതൂറിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തിനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രസ്തുത മണ്ഡലത്തിലെ ഹെൽത്ത് സെന്ററുകൾക്ക് 2021-22 വർഷത്തിൽ എത്ര ലക്ഷം രൂപയുടെ ഫണ്ടാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത മണ്ഡലത്തിലെ എല്ലാ പി.എച്ച്.സി കളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടി ഇതിനോടകം തെരഞ്ഞെടുത്തു കഴിഞ്ഞു. ഇവയ്ക്ക് ഒറ്റ തവണയാണ് ഫണ്ട് ലഭ്യമാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ